## വില്പന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തന ലക്ഷ്യവും

8 (*694) ശ്രീ. മത്തായി ചാക്കോ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി വകുപ്പിലെ ഇൻറലിജൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനലക്ഷ്യവും വിശദമാക്കാമോ ;

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം എത്രത്തോളം പ്രയോജനപ്രദമാകുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇക്കഴിഞ്ഞ ഒരുവർഷത്തിനകം ഇന്റലിജൻസ് വിഭാഗം രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ് ; ഈ കേസുകളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ഡി) ഇന്റലിജൻസ് വിഭാഗം സെയിൽസ് ടാക്സ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആ കേസുകളുടെ പുരോഗതി വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം ആസ്ഥാനമായി ഒരു ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ഉണ്ട്. അദ്ദേഹത്തിന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തിക വീതവും ഉണ്ട്. ഇവരുടെ കീഴിൽ വിവിധ മേഖലകളിലായി 11 ഇന്റലിജൻസ് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും കൂടാതെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ നാല് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരുമുണ്ട്. ഇതിനുപുറമേ വാണിജ്യനികുതി വകുപ്പുകമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ) പ്രവർത്തക്കുന്നു. ഓരോ ജില്ലയിലും ഇന്റലിജൻസ് ഓഫീസർമാരും അവരുടെ നേതൃത്വത്തിൽ 41 ഇന്റലിജൻസ് സ്കാഡുകളും 15 ഇൻവെസ്റ്റിഗേഷൻ വിംഗുകളും 12 കൊമേഴ്സ്യൽ ഇന്റവെസ്റ്റിഗേഷൻ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

നികുതി വെട്ടിപ്പ് കണ്ടുപിടിക്കുകയും, തടയുകയും ചെയ്യുന്നതിനുവേണ്ടി കട പരിശോധന, വാഹന പരിശോധന, അന്യസംസ്ഥാനങ്ങളിൽ നിന്നും അന്യവകുപ്പുകളിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും നിയമപ്രകാരമുള്ള തുടർ നടപടികൾ എടുക്കുകയും ചെക്ക് പോസ്റ്റിലെ അനധികൃത നടപടികളെ നിയന്ത്രിക്കുക, നികുതി വെട്ടിപ്പ് തടയുക എന്നിവയുമാണ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തന ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായ വിധത്തിൽ നികുതി നിർണ്ണയിക്കുവാനും നികുതി വെട്ടിപ്പ് തടയുന്നതിനും സാധിക്കുന്നു.

(സി) 2002-2003 സാമ്പത്തിക വർഷം ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിലും കട പരിശോധനയിലുമായി 38334 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭൂരിഭാഗം കേസുകളിലും സെക്യൂരിറ്റി ഈടാക്കുകയും മറ്റ് കേസുകളിൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുകയും കോമ്പൗണ്ട് ചെയ്യാനും കേസുകളിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇന്റലിജൻസ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർമാർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഇ) ആകെ 53 ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല അന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 3 പേർക്കെതിരെയുള്ള ശിക്ഷാനടപടികളിൽ അന്തിമ തീരുമാനമായിട്ടുണ്ട്. ബാക്കിയുള്ളവരുടെ പേരിലുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

**സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ**

**9 (*695)** ഡോ. തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയർ ഉല്പ്പന്നങ്ങളുടെ തോത് എത്ര യാണെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ചെറുകിട ഉൽപാദകരുടെ കൈവശം മാർക്കറ്റ് കണ്ടെത്താനാവാതെ കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഇക്കാര്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഡി) ചെറുകിട ഉല്പാദകരിൽ നിന്നും കെട്ടിക്കിടക്കുന്ന കയറുൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനമേഖല ശക്തമാക്കുന്നതിനും സംസ്ഥാന സർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(ഇ) കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള തീവ്ര പരിപാടികൾക്ക് സർക്കാർ രൂപം നൽകുമോ എന്ന് വെളിപ്പെടുത്താമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly